## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3480 12.05.2017-ന് മറുപടിയ്ക്ക്**

## സംസ്ഥാനത്തെ വനവിസ്തൃതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. കെ. രാജു<br>(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ വനവിസ്തൃതി ഇപ്പോൾ എത്ര ഹെക്ടറാണ്; ഇത് സംസ്ഥാനത്തിന്റെ ഏതൊക്കെ ഭാഗങ്ങളിലായി സ്ഥിതി ചെയ്യുന്നു; | (എ) | സംസ്ഥാനത്തിന്റെ വനവിസ്തൃതി ഇപ്പോൾ 11,30,941.71 ഹെക്ടറാണ്. ജില്ല തിരിച്ചുള്ള വനവിസ്തൃതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 46383.41 |
| 2 | കൊല്ലം | 84056.72 |
| 3 | പത്തനംതിട്ട | 153379.37 |
| 4 | ആലപ്പുഴ | 0.00 |
| 5 | കോട്ടയം | 10084.50 |
| 6 | എറണാകുളം | 82383.02 |
| 7 | ഇടുക്കി | 271372.26 |
| 8 | തൃശ്ശൂർ | 102275.17 |
| 9 | പാലക്കാട് | 152735.64 |
| 10 | മലപ്പുറം | 72391.81 |
| 11 | കോഴിക്കോട് | 29045.14 |
| 12 | വയനാട് | 90704.47 |
| 13 | കണ്ണൂർ | 24157.16 |
| 14 | കാസർഗോഡ് | 11973.04 |
| | **ആകെ** | **11,30,941.71** |

| | | | |
|---|---|---|---|
| (ബി) | വനഭൂമിയും വന സമ്പത്തും സംസ്ഥാനത്ത് കുറഞ്ഞു വരുന്നതായ സാഹചര്യമുണ്ടോ; | (ബി) | വനഭൂമിയും വനസമ്പത്തും സംസ്ഥാനത്ത് കുറഞ്ഞു വരുന്നതായ സാഹചര്യം ഇല്ല. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഇവ രണ്ടും സംരക്ഷിക്കുന്നതിനായി നിലവിലുള്ള നിയമങ്ങളും സംവിധാനങ്ങളും എന്തെല്ലാമാണ്; | (സി) | മേൽ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല. |
| (ഡി) | ഇപ്പോഴത്തെ നിയമങ്ങളും സംവിധാനങ്ങളും വനഭൂമിയുടെയും വനസമ്പത്തിന്റെയും സംരക്ഷണത്തിന് പര്യാപ്തമാണോ; ഇല്ലെങ്കിൽ ഭാവിയിൽ ഈ രംഗത്ത് നടത്താനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തെല്ലാം? | (ഡി) | പൂർണ്ണമായും പര്യാപ്തമല്ല. ഭാവിയിൽ വനത്തിന്റെ സ്ഥായിയായ നിലനിൽപ്പിനും ജൈവവൈവിധ്യ സംരക്ഷണത്തിന് പര്യാപ്തമാകുന്ന വിധത്തിൽ കേരള വനനിയമത്തിന്റെ കരട് ഭേദഗതി തയ്യാറാക്കി വരുന്നു. നിയമ ഭേദഗതിയിൽ നിലവിൽ വനകുറ്റങ്ങളായി ഉൾപ്പെട്ടിട്ടില്ലാത്ത വനത്തിനുള്ളിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ഉപേക്ഷിക്കൽ, വനത്തിനുള്ളിലെ ജലസ്രോതസ്സുകളെയും, ജലാശയങ്ങളെയും വിഷവസ്തുക്കൾ/സ്ഫോടക വസ്തുക്കൾ മുതലായവ മൂലം മലിനപ്പെടുത്തൽ, വനത്തിനുള്ളിൽ തോക്ക്/സ്ഫോടക വസ്തുക്കളുമായി പ്രവേശിക്കൽ, വന്യമൃഗങ്ങളെ ഉപദ്രവിക്കൽ/ ആഹാരം നൽകൽ, വന്യജീവികൾക്ക് അപകടം വരത്തക്ക വിധത്തിലുള്ള അലക്ഷ്യമായ വാഹനം ഓടിക്കൽ എന്നിവ വനകുറ്റകൃത്യങ്ങളായി നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. |

**സെക്ഷൻ ഓഫീസർ**